ഇടുക്കി, എറണാകുളം ജില്ലകളിലെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റാൻ പറ്റുന്ന ഒരു പദ്ധതിയാണ് ഇത്. അവിടുത്തെ കർഷകരുടെ വിചാരമെല്ലാം അറിയാവുന്ന ജലസേചന വകുപ്പു മന്ത്രി എവിടെ നിന്നെങ്കിലും മൂന്നു കോടി രൂപ വകമാറ്റി ഈ പദ്ധതിക്കു വേണ്ടി ഉപയോഗിച്ച് ആ നാട്ടുകാരെ തകർച്ചയിൽ നിന്നു രക്ഷിക്കണം എന്നഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങളും ഞാനും മനസ്സിലാക്കുന്നുണ്ട്. 1986–87–ലെ ബഡ്ജറ്റ് അനുസരിച്ച് പ്ലാനിൽ രണ്ടു കോടി രൂപയാണ് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി വച്ചിരിക്കുന്നത്. രണ്ടുകോടി രൂപകൊണ്ട് എന്തുചെയ്യുമെന്ന് അറിഞ്ഞുകൂടാ. ഒരു കോടി എൺപതുലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ട്. ഒരു കാര്യം ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അറിയർ ബില്ല് കൊടുക്കുന്നതിനുവേണ്ടി കുറേ മാറ്റിവച്ചതിൽ നിന്ന് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി കൊടുക്കേണ്ട അറിയർ തീർക്കാൻ ഉദ്ദേശിക്കുകയാണ്. ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തു, രൂപ തരാമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

(5) കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. വി. വിജയരാജൻ: സർ, കരുനാഗപ്പള്ളി ഗവൺമെൻറ് ഹൈസ്കൂളിന്റെ ശോചനീയസ്ഥിതി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ആറേഴുവർഷങ്ങൾക്കു മുൻപ് മിഡിൽസ്കൂളായി പ്രവർത്തിച്ചിരുന്നതാണ്. അത് അപ്ഗ്രേഡ് ചെയ്ത് ഇപ്പോൾ ഹൈസ്കൂളാക്കി. ഫ്ളഡ് റിലീഫിൽ രണ്ടു ഷെഡ്ഡുകളും കെട്ടിയതൊഴിച്ചാൽ അവിടെ മറ്റു കെട്ടിടങ്ങളൊന്നും ഉണ്ടായിട്ടില്ല. 34 ഡിവിഷനുകളോളം ഇന്ന് അവിടെയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അവിടെവന്ന് കണ്ട് ബോദ്ധ്യപ്പെട്ടതും മെമ്മോറാണ്ടം സ്വീകരിച്ചതുമാണ്. അത് വിദ്യാഭ്യാസമന്ത്രിക്ക് കൊടുത്തുകാണുമെന്ന് വിശ്വസിക്കുന്നു. കഴിയുന്നത്ര വേഗം ഈ ഗവൺമെൻറ് ഹൈസ്കൂളിന് കരുനാഗപ്പള്ളിക്ക് അനുയോജ്യമായ നിലയിൽ ഒരു മൂന്നുനിലകെട്ടിടം ഈ ഗവൺമെൻറിന്റെ കാലത്തു തന്നെ പണിതുതരാൻ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിൽ 54 ഡിവിഷനാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പക്ഷേ അവിടെ 30 ഡിവിഷൻ പ്രവർത്തിക്കാനുള്ള കെട്ടിടങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് സെഷണൽ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഒരു കെട്ടിടത്തിന്റെ പണി നടന്നുവരുന്നുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(6) കോട്ടായി പഞ്ചായത്ത് ഡിസ്പെൻസറിയുടെ ശോച്യാവസ്ഥ

ശ്രീ. ടി. കെ. ആറുമുഖൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കോട്ടായി പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഡിസ്പെൻസറിയുണ്ട്. അഞ്ചുസെൻറ് സ്ഥലത്ത് ഗവൺമെൻറ് കെട്ടിടവും 80 സെൻറ് സ്ഥലത്ത് വാടകക്കെട്ടിടവുമാണ്. അഞ്ചുസെൻറ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഗവൺമെൻറ് കെട്ടിടം ഇന്നുവരെ പി. ഡബ്ലിയു.ഡി. അറ്റകുറ്റപ്പണികളും നടത്തുന്ന ലിസ്റ്റിൽ പെടുത്തിയിട്ടില്ല. 1957–ൽ

LIBRARY ARCHIVES Kerala Legislative Assembly

എ. ആർ. മേനോന്റെ കാലത്ത് ഉണ്ടാക്കിയ ഡിസ്പെൻസറിയാണ്. 80 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന വാടകക്കെട്ടിടം ഏറ്റെടുക്കാൻ 1978-ൽ തീരുമാനിച്ചതാണ്. ആ കെട്ടിടം ഇന്നും ഏറ്റെടുക്കാൻ ഉപയുക്തമായ യാതൊരു നടപടിയും എടുത്തിട്ടില്ല. ഒരുവർഷം മൂന്നു ലക്ഷം രോഗികൾ അഞ്ചുപഞ്ചായത്തുകളിൽ നിന്നായി ആ ആശുപത്രിയെ സമീപിക്കുന്നുണ്ട്. അവിടെ 600 പ്രസവങ്ങൾ ഒരുവർഷം നടക്കുന്നുണ്ട്. നൂറ് പി. പി. എസ്. ഓപ്പറേഷനുകൾ അവിടെ നടക്കുന്നുണ്ട്. ആ രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രിക്കെട്ടിടം ഏറ്റെടുത്ത് ആവശ്യമായ പ്രവർത്തനം നടത്തി ഒരു കോമ്പൗണ്ട് വാൾ ഉൾപ്പെടെ പണിത് അതൊരു ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതി ശരിയാണ്. പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലെ സർക്കാർ ആശുപത്രി പ്രവർത്തിക്കുന്ന വാടകകെട്ടിടവും സ്ഥലവും പൊന്നുംവിലയ്ക്ക് എടുക്കാൻ 1979-ൽ തന്നെ അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലാ കളക്ടർ തന്നെ പ്രസ്തുത സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കി കഴിഞ്ഞിരിക്കുകയാണ്. അതിലേക്ക് ഒരുലക്ഷത്തി പതിനയ്യായിരം രൂപ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. നടപ്പു സാമ്പത്തികവർഷത്തിൽ ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതിനാൽ മറ്റ് വിധത്തിൽ തുകകണ്ടെത്താൻ ധനകാര്യവകുപ്പുമന്ത്രി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(7) പെരുമാനൂരിലെ ചേരിനിവാസികളുടെ പുനരധിവാസം

Shri. Stephen Padua: Sir, I wish to make a submission on the very serious inconvenience and difficulties caused to the Anglo-Indian High School, Perumanur and its nearly 2000 students and staff on account of the slum dwellers just behind the school building. Apart from the health hazard due to the insanitary conditions created by the slum dwellers, the teachers and staff have to face the unsound music of the abusive language and intemperate words from the slum dwellers.

On representation of the sad plight of the school to the Government, the Minister for Local Administration Shri. C. M. Sundaram was good enough to convene a conference on 26th September 1983. This conference decided that these slum dwellers should be rehabilitated in or near the Cochin city. Accordingly, the District Collector convened another conference of Slum Clearance Committee which decided that the Cochin Corporation should hand over necessary land and the G.C.D.A. should construct 8 houses for the rehabilitation of these slum dwellers. The Management was also asked to give a substantial sum for the construction of these houses. Accordingly, the Cochin Corporation handed over the land and the Management paid Rs. 35,200 for the construction of these houses at Thamanam. On starting this construction, certain local men obtained stay orders from the Government as well as from the Munisiff Court. By the time the stay orders were vacated, the contractor withdrew from his agreement. The G. C. D. A. also withdrew from their undertaking to construct the buildings.

LIBRARY ARCHIVES Kerala Legislative Assembly